**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി ജോയി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണസഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, ബോധവൽക്കരണം നൽകുന്നതിനുമായി കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ ടി പദ്ധതി പ്രകാരം ആകെ 64 പേർക്ക് സഹായോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ മാനസികാരോഗ്യ പ്രശ്നമുള്ളവർക്കു വേണ്ടി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യനീതി വകുപ്പ് മുഖേന പുനർജ്ജനി എന്ന പേരിൽ ഒരു ക്ഷേമസ്ഥാപനം നടത്തിവരുന്നുണ്ട്. അട്ടപ്പാടി ആദിവാസി മേഖലയിൽ മാനസികാരോഗ്യ പ്രശ്നങ്ങളാൽ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ കണ്ടെത്തുന്നതിനും അവരെ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സ്ഥാപനത്തിൽ പ്രവേശിപ്പിച്ച് ചികിത്സയും അനുബന്ധസേവനങ്ങളും നൽകുന്നതിനും ചികിത്സ പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ വീട്ടുകളിൽ തിരികെ എത്തിയ്ക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പ്, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (ITDP) എന്നിവ മുഖേന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം പദ്ധതി നടപ്പിലാക്കുന്നതിനായി 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും ₹50,00,000/- (അൻപത് ലക്ഷം രൂപ മാത്രം) ചെലവഴിയ്ക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ക്ഷേമം |

| | | | |
|---|---|---|---|
| | | | **മുൻനിർത്തി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികളുടെ യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.**<br><br>**പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സമഗ്ര ആരോഗ്യ പരിരക്ഷാ പരിപാടികളുടെ ഭാഗമായി കേരള സാമൂഹ്യ സുരക്ഷാമിഷൻ-സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തിരം, പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി വ്യക്തിഗത പരിപാലന പദ്ധതി (ICP) പൈലറ്റ് അടിസ്ഥാനത്തിൽ വിതുര ഗ്രാമപഞ്ചായത്തിലെ 21 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് മാത്രമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.** |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിയ കാറ്റാടി പദ്ധതി വഴി ഈ സർക്കാരിന്റെ കാലത്ത് എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | **കാറ്റാടി പദ്ധതി പ്രകാരം നിലവിൽ ആകെ 64 പേർക്ക് സഹായോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative)

| ക്രമ നം. | ജില്ല | സഹായക ഉപകരണം വിതരണം ചെയ്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | വയനാട് | 45 | |
| 2 | കോഴിക്കോട് | 18 | |
| 3 | ഇടുക്കി | 1 | |
| | **ആകെ** | **64** | |

സെക്ഷൻ ഓഫീസർ